LIBRARY ARCHIVES Kerala Legislative Assembly

ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള പദ്ധതികൾ

121 (2954) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതിക്ക് വേണ്ടി ബഡ്ജറ്റിൽ അനുവദിച്ച തുക എത്രയെന്നും വിനിയോഗിച്ച തുക എത്രയാണെന്നും പറയാമോ?

ഉത്തരം

(എ ആന്റ് ബി) അനുബന്ധമായി ചേർക്കുന്നു.*

ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറുടെ നിയമനം

122 (2955) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറുടെ നിയമനം നടത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച നിയമന ഉത്തരവ് സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ;

(ബി) പ്രസ്തുത നിയമനത്തിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) വകുപ്പദ്ധ്യക്ഷൻമാരുടെ നിയമനരീതിക്ക് അനുസൃതമായിട്ടാണോ ന്യൂനപക്ഷക്ഷേമ ഡയറക്ടറുടെ നിയമനം നടത്തിയതെന്നറിയിക്കാമോ;

(ഡി) ഇപ്പോൾ നടത്തിയിരിക്കുന്ന നിയമനത്തിനുപിന്നിൽ അഴിമതിയും സ്വജനപക്ഷപാതവും നിയമവിരുദ്ധ നടപടികളുമുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടർ നിയമനം റഗുലറൈസ് ചെയ്യുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

രാഷ്ട്രീയ കൃഷി വികാസ് യോജന-എറണാകുളം ജില്ല

123 (2956) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.കെ.വി.വൈ. പദ്ധതി പ്രകാരം നടപ്പുസാമ്പത്തിക വർഷത്തിൽ എറണാകുളം ജില്ലയിൽ എത്ര പ്രവൃത്തികളാണ് നടപ്പാക്കിയതെന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.